കൾ ഇടതുപക്ഷ പാർട്ടികളുടെ ദയനീയാവസ്ഥ ഒരിക്കൽക്കൂടി പ്രകടമാക്കുകയുണ്ടായി. വിശ്വസനീയമായ ഒരു വൈകല്പികശക്തി എന്ന നില ഇന്ത്യയിൽ ഇടതുപക്ഷപാർട്ടികൾക്ക് അടുത്തൊന്നും കൈവരാൻപോകുന്നില്ല. തെരഞ്ഞെടുപ്പുരാഷ്ട്രീയം, വലതുപക്ഷപാർട്ടികളെയെന്നപോലെ ഇടതുപക്ഷപാർട്ടികളെയും അകത്തുനിന്ന് കാർന്ന് അവയുടെ ഉള്ള പൊള്ളയാക്കിയിരിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയരംഗത്തിൽ അവ എന്നത്തെക്കാളുമധികം അപ്രസക്തങ്ങളായിരിക്കുന്നു. എൻ. ടി. രാമറാവുവിനെപ്പോലെയുള്ള പുതിയ വ്യക്തികളും തെലുഗുദേശംപോലെയുള്ള പാർട്ടികളും രംഗത്തു വരുന്നുവെങ്കിൽ മാത്രമേ ഇന്ത്യയിലെ രാഷ്ട്രീയ കാലാവസ്ഥയിൽ പെട്ടെന്ന് എന്തെങ്കിലും മാററം ഉണ്ടാവൂ.

(7 ഫെബ്രുവരി, 1983)

# 40. ബോംബെ എ. ഐ. സി. സി.

ഇന്ത്യയിൽ സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്രപാർലമെൻറിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ 1985 ആദ്യം നടക്കുമെന്നാണു പ്രതീക്ഷ. ഇപ്പോൾത്തന്നെ പല സംസ്ഥാനങ്ങളിലും ദുർബലമായിക്കഴിഞ്ഞ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ തികച്ചും പരാജയപ്പെടുത്തുന്നതിനുള്ള അവസരമായി ഈ തെരഞ്ഞെടുപ്പുകളെ ഉപയോഗപ്പെടുത്തുവാനുള്ള സംയുക്തപരിശ്രമം കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒററയ്ക്കു നിന്നു തെരഞ്ഞെടുപ്പിൽ മത്സരിച്ചുകളയാമെന്ന വ്യാമോഹം ഇന്ത്യയിൽ ഒരു രാഷ്ട്രീയകക്ഷികൾക്കും ഇന്ന് ഇല്ല. തങ്ങൾക്കിടയിലുള്ള വ്യക്തിപരവും ആദർശപരവുമായ വൈരുദ്ധ്യങ്ങളെല്ലാം തല്ക്കാലത്തേക്കു മറന്ന്, കോൺഗ്രസ് വിരോധമെന്ന ഒരേ ലക്ഷ്യം മുൻനിർത്തി കൂട്ടുമുന്നണിയുണ്ടാക്കിയോ, പരസ്പരധാരണയിലേർപ്പെട്ടോ, നേരിട്ടുള്ള മത്സരത്തിൽ കോൺഗ്രസ്സിനെ തറ പററിക്കാനാണു കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികളെല്ലാം ഇന്ന് 'ഒരുക്കംകൂട്ടുന്നതു്. ഏതാനും ആഴ്ചകൾ മുമ്പ് കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽ നടന്ന കോൺഗ്രസ്സിതര രാഷ്ട്രീയപാർട്ടികളുടെ സമ്മേളനം (കോൺക്ലേവ്) അത്തരത്തിലുള്ള ഒരു പരിശ്രമമായിരുന്നു. കോൺഗ്രസ്സിനെ പരാജയപ്പെടുത്തുകയെന്ന അധികാരരാഷ്ട്രീയപരമായ ലക്ഷ്യത്തിന് ആദർശത്തിന്റേതായ ഒരു പരിവേഷം നൽകാൻ കേന്ദ്ര—സംസ്ഥാന ബന്ധങ്ങളെന്ന പ്രശ്നം ഈ സമ്മേളനത്തിൽ ചർച്ചാവിഷയമാക്കപ്പെട്ടു. രാജ്യരക്ഷ, വിദേശബന്ധങ്ങൾ, വാർത്താവിനിമയവും ഗതാഗതവും, കറൻസി മുതലായ ചില കാര്യങ്ങൾ മാത്രമേ കേന്ദ്രഗവണ്മെൻറ് കൈകാര്യം ചെയ്യേണ്ടു എന്നും, മററു കാര്യങ്ങളിലെല്ലാം പരമാധികാരം അതാതു സ്റ്റേററിലെ ഗവണ്മെൻറുകൾക്കായിരിക്കണമെന്നും വാദിക്കുന്നവർ മുതൽ, കേന്ദ്രഗവണ്മെൻറിനു പ്ലാനിങ്ങിലും മററും ഇന്നുള്ളതിലേറെ അധികാരങ്ങൾ ഉണ്ടായിരിക്കണമെന്നു വാദിക്കുന്നവർവരെ പങ്കെടുത്തിരുന്ന ഈ സമ്മേളനത്തിൽ അർത്ഥപൂർണമായ ചർച്ച നടന്നില്ലെങ്കിലോ, അതിൽനിന്നു മാർഗദർശകമായ നിർണയം ഉരുത്തിരിഞ്ഞുവന്നില്ലെങ്കിലോ അത്ഭുതപ്പെടാനില്ല. ശ്രീനഗർ സമ്മേളനത്തിന്റെ സന്ദേശം അത്യന്തം പ്രകടമായിരുന്നു. അടുത്ത പൊതുതെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ അമ്പേ തോല്പിക്കുന്നതിന് എല്ലാ എതിർ പാർട്ടികളും യോജിക്കണം.

ഈ പശ്ചാത്തലത്തിനെതിരെ വെച്ചുവേണം ഒക്ടോബർ 20, 21 തീയതികളിൽ ബോംബെയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിററി സമ്മേളനത്തെ നോക്കിക്കാണാൻ. ആഭ്യന്തരകാര്യങ്ങൾ, നൃന പക്ഷങ്ങൾ, സാമ്പത്തികകാര്യങ്ങൾ, അന്താരാഷ്ട്രീയകാര്യങ്ങൾ എന്നിവ സംബന്ധിച്ച സാമാന്യം വിസ്തൃതങ്ങളായ നാലു പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിക്കുകയും, രണ്ടു ദിവസം വിശദങ്ങളായ ചർച്ചകൾ നടക്കുകയും ഉണ്ടായെങ്കിലും, സമ്മേളനത്തിന്റെ ലക്ഷ്യം കോൺഗ്രസ്സിലെ ആഭ്യന്തരമായ ഭിന്നിപ്പുകൾ പരിഹരിച്ച് അടുത്ത തെരഞ്ഞെടുപ്പിനു് സംഘടനയെ സന്നദ്ധമാക്കുക എന്നതിൽക്കവിഞ്ഞു് ഒന്നുമായിരുന്നില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ് കക്ഷിയിലുണ്ടായ പല പിളർപ്പുകളുടെ ഫലമാണു് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്. 'കോൺഗ്രസ്' എന്ന പേരിൽ അറിയപ്പെടുന്ന പല സംഘടനകളുള്ളതിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിന്തുടർച്ച യഥാർത്ഥത്തിൽ അവകാശപ്പെടാവുന്ന കക്ഷി ഇന്ദിരാകോൺഗ്രസ് ആണെന്നു് ഇന്ത്യയിലെ തെരഞ്ഞെടുപ്പ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടു്. ബഹുഭൂരിപക്ഷം വരുന്ന പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ഇന്ദിരാകോൺഗ്രസ് തന്നെയാണു് ഇന്നും 'ഇന്ത്യൻ നാഷണൽ കോൺഗ്രസ്' എന്ന കാര്യവും മുൻ തെരഞ്ഞെടുപ്പുകളിൽ അസന്ദിഗ്ദ്ധമായി വെളിപ്പെട്ടിട്ടുള്ളതാണു്.

സ്വാതന്ത്ര്യത്തിനു വേണ്ടി സമരംചെയ്തുകൊണ്ടിരുന്ന കാലത്തു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു് അഖിലഭാരതപ്രശസ്തരായ ഒട്ടു വളരെ നേതാക്കന്മാരും, ഇന്ത്യയിലെ ഓരോ ഗ്രാമത്തിലും വേരോടിയ സുദൃഢമായ ഒരു സംഘടനയും ഉണ്ടായിരുന്നു. സർവശക്തമായിരുന്ന വിദേശ ഗവണ്മെൻറിനെതിരെ അഹിംസാത്മകമായ ഒരു സമരം അരനൂററാണ്ടു കാലത്തോളം തുടർന്നു നടത്തുവാനുള്ള കരുത്തു് കോൺഗ്രസ്സിനു നൽകിയതു് ഈ രണ്ടു ഘടകങ്ങൾ ആയിരുന്നു.

ഇന്നത്തെ കോൺഗ്രസ്സിൽ, പക്ഷേ, അഖിലേന്ത്യാപ്രശസ്തിയുള്ള ഒരേ ഒരു നേതാവേയുള്ളു—ശ്രീമതി ഇന്ദിരാഗാന്ധി. സ്വാതന്ത്ര്യസമരത്തിലൂടെ പ്രസിദ്ധിയാർജിച്ച മററു കോൺഗ്രസ് നേതാക്കന്മാരിൽ അധികംപേരും മരിച്ചുപോയി. ശേഷിച്ച അല്പം ചിലർ കോൺഗ്രസ്സിന്റെ മുഖ്യധാരയിൽനിന്നു വിട്ടു്, തങ്ങളുടേതായ കൊച്ചുപാർട്ടികൾ വച്ചുകെട്ടി അവയുടെള്ളിൽ കുടിപാർത്തുവരുന്നു. അല്പം ചിലർ, പഴയ പദവിയും പ്രതാപവും നഷ്ടപ്പെട്ടു്, തികച്ചും നിർവീര്യരും നിഷ്ക്രിയരുമായി, കോൺഗ്രസ്സിന്റെ ഉള്ളിൽത്തന്നെ കഴിഞ്ഞുകൂടുന്നില്ലെന്നുമില്ല. തന്റെ പാർട്ടിയിലെ നേതൃത്വത്തിന്റെ രണ്ടും മൂന്നും (ഒരുപക്ഷേ, നാലും അഞ്ചും....) നിരകളെ ഇങ്ങനെ വീര്യം കെടുത്തിയതിനു് ഇന്ദിരാഗാന്ധിയെ കുററം പറയുന്നവർ ധാരാളമുണ്ടു്. വ്യക്തിപരമായ, അതിർകടന്ന ഉൽക്കർഷേച്ഛയാൽ പ്രേരിതരായി, മാതൃസംഘടനയെ ഉള്ളിൽനിന്നു തുരങ്കംവയ്ക്കാൻ ഒരുമ്പെട്ട സ്വാർത്ഥികളെ തക്കകാലത്തു പുറംതള്ളി സംഘടനയെയും പ്രസ്ഥാനത്തെയും രക്ഷിച്ചതിനു വേണമെങ്കിൽ, ഇന്ദിരാഗാന്ധിയെ പ്രശംസിക്കുകയുംചെയ്യാം. രണ്ടായാലും അസന്ദിഗ്ദ്ധമായ ഒരു വസ്തുത അവശേഷിക്കുന്നു. ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിൽ കോൺഗ്രസ്പാർട്ടിയുടെ സ്ഥാനാർത്ഥി ആരായാലും, ആ പാർട്ടിക്കു വേണ്ടി പോൾചെയ്യപ്പെടുന്ന വോട്ടുകളിൽ ഭൂരിഭാഗവും ഇന്ദിരാഗാന്ധി എന്ന വ്യക്തിക്കുവേണ്ടി നൽകപ്പെടുന്നവയാണു് ഇന്നു്.

ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന പദവി വഹിക്കുന്നതിനു വ്യക്തിപരമായി ഇന്ദിരാഗാന്ധിക്കുള്ള യോഗ്യത ചോദ്യംചെയ്യപ്പെടാൻ കഴിയാത്ത ഒന്നാണ്. നിർണായകങ്ങളായ പല സന്ദർഭങ്ങളിലും ഇന്ദിരാഗാന്ധി തന്റെ അതുല്യമായ നേതൃത്വശേഷി വെളിപ്പെടുത്തിയിട്ടുണ്ട്. അതേസമയം, ദാരിദ്ര്യത്തിനെതിരായ സമരത്തിൽ ദൃഢതയോടെ രാഷ്ട്രത്തെ മുന്നോട്ടു നയിക്കുന്നതിന് ഇന്ദിരാഗാന്ധിക്കു സാധിച്ചിട്ടില്ല എന്ന വസ്തുത അവശേഷിക്കുകതന്നെ ചെയ്യുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെ നിത്യനരകമനുഭവിക്കുന്ന ജനകോടികളെ സാക്ഷരരാക്കുന്നതിനോ, അവരുടെ കർമശേഷി ഉണർത്തുന്നതിനോ, സാമ്പത്തികനീതിക്കും സാമൂഹ്യസമത്വത്തിനുംവേണ്ടിയുള്ള സംഘർഷത്തിൽ നേതൃത്വം നൽകി അവരെ ലക്ഷ്യത്തിലെത്തിക്കുന്നതിനോ ഇന്ദിരാഗാന്ധി ഒന്നുകിൽ ശ്രമിച്ചിട്ടില്ല, അല്ലെങ്കിൽ ആ ശ്രമത്തിൽ ഇന്ദിരാഗാന്ധി വിജയം നേടിയിട്ടില്ല. ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും പററി ധാരാളം സംസാരിക്കുന്നുണ്ടെങ്കിലും, അവയ്ക്കെതിരെ ആസാമിലും പഞ്ചാബിലും മററും ഉയർന്നുവന്ന ഭീഷണികളെ യഥാകാലം കണ്ടറിഞ്ഞു നിവാരണംചെയ്യുന്നതിൽ ഇന്ദിരാഗാന്ധി പരാജയപ്പെടുകയാണു ചെയ്തതു്.

കോൺഗ്രസ്സിനു് ഒരു സംഘടനയില്ലെന്നുള്ളതാണ് ഇന്ദിരാഗാന്ധിയുടെ ഏററവും വലിയ ബലഹീനത. പ്രാദേശികഘടകങ്ങൾ പേരിനു് ഉണ്ടെങ്കിലും, അവ സൂക്ഷിക്കുന്ന മെംബർമാരുടെ പട്ടികകൾ മിക്കപ്പോഴും വ്യാജമാണ്, അല്ലെങ്കിൽ മെംബർമാരാവാൻ ഒരു വിധത്തിലും അർഹതയില്ലാത്തവരുടെ പേരുകൾ ഉൾക്കൊള്ളുന്നതാണ്. ഇന്ദിരാകോൺഗ്രസ്സിൽ അധികാരം താഴെ അണികളിൽനിന്നു സേവനത്തിലൂടെ നേടിയെടുക്കുന്നതല്ല; മുകളിലെ നേതൃത്വത്തിൽനിന്നു് അനുഗ്രഹമായി നൽകപ്പെടുന്നതാണ്. പരക്കെ വിതരണംചെയ്യപ്പെടുവാൻ മാത്രം സമൃദ്ധമല്ല ഈ അനുഗ്രഹം എന്നതിനാൽ, താഴത്തെ നേതൃനിരയിൽ അധികാരത്തിന്റെ ഈ പ്രസാദം വാങ്ങുന്നതിനു തീവ്രമായ ഉന്തും തള്ളും നടന്നുവരുന്നു. ഈ മത്സരത്തിന്റെ ഒരു ഫലമാണു പ്രാദേശികഘടകങ്ങളിലെ കള്ളമെംബർപ്പട്ടിക. ഇത്തരം പട്ടികകളുടെ അടിസ്ഥാനത്തിൽ സംഘടനയുടെ തെരഞ്ഞെടുപ്പ് നടത്തുക വയ്യല്ലോ. ഇനി അഥവാ സംഘടനാതെരഞ്ഞെടുപ്പ് എവിടെയെങ്കിലും നടത്താൻ ശ്രമിച്ചാൽത്തന്നെ, ആ പ്രദേശത്തെ വിമതനേതാക്കൾ പരാതികളുമായി ഡൽഹിയിൽ പാഞ്ഞെത്തി തല്ക്കാലം തെരഞ്ഞെടുപ്പു തടഞ്ഞുവയ്ക്കുന്നു. പാർട്ടിയന്ത്രം പിടിച്ചടക്കുന്നതിനു താഴേക്കിട നേതാക്കൾക്കിടയിൽ നടക്കുന്ന, യാതൊരു തത്ത്വദീക്ഷയുമില്ലാത്ത, ഈ മത്സരത്തിന്റെ ഫലം, പാർട്ടിയുടെ സംഘടന തീരെ അപ്രത്യക്ഷമായിരിക്കുന്നു എന്നതാണ്. തെരഞ്ഞെടുപ്പിനുള്ള ചെലവു കേന്ദ്രത്തിൽനിന്നു ദാനമായി കിട്ടുകയും, ഇന്ദിരാഗാന്ധിയുടെ പേരുപയോഗിച്ചു വോട്ടു നേടാൻ സാധിക്കുകയും ചെയ്യുന്ന പരിതഃസ്ഥിതിയിൽ പാർട്ടിസംഘടന അനുപേക്ഷണീയവുമല്ല.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഇന്നത്തെ നില ഏറെക്കുറെ ഇതാണ്. പാർട്ടിക്കുള്ളിൽ സംഘടനാതലത്തിൽ, ജനാധിപത്യമില്ലെങ്കിൽ, നേതാവിന്റെ ഏകാധിപത്യത്തെപ്പററി പഴി പറയുന്നതുകൊണ്ടെന്തു കാര്യം? പ്രവർത്തകസമിതി മുതൽ ഗ്രാമഘടകംവരെയുള്ള, നിയമപ്രകാരം തെരഞ്ഞെടുപ്പിലൂടെ രൂപവൽക്കരിക്കപ്പെടേണ്ട എല്ലാ കോൺഗ്രസ് ഘടകങ്ങളും ഇപ്പോൾ നോമിനേഷൻ മുഖേന മുകളിൽനിന്നു നിർമിക്കപ്പെട്ടവയാണ്. ഈ പരിതഃസ്ഥിതിയിൽ പാർട്ടി പ്രവർത്തനം അഴിമതിമയമാകുന്നതിനെപ്പററിയോ, പാർട്ടിക്കുള്ളിൽ ചേരിപ്പോ

രുകൾ പെരുകുന്നതിനെപ്പററിയോ, കുതികാൽവെട്ടും കുറുമാറലും നിത്യ സംഭവങ്ങളാകുന്നതിനെപ്പററിയോ ആർ ആരോട് പറയാനാണ്?

കോൺഗ്രസ്സിനു പഴയ രീതിയിൽ ഗ്രാമതലപ്രവർത്തകരിൽ അടിയുറച്ച സംഘടന ഇനി ഉണ്ടാവുക പ്രയാസം. ഇന്നത്തെ പരിതഃസ്ഥിതിക്കു പററിയ ഒരു 'പൊരുതുന്ന സംഘടന', മുഖ്യമായും തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി നിർമിക്കാനാണു പരേതനായ സഞ്ജയ്ഗാന്ധി തൻേറതായ ശൈലിയിൽ ശ്രമിച്ചത്. ഈ ശ്രമത്തിൽ അദ്ദേഹത്തിനു കൈവന്ന വിജയമായിരുന്നു അധികാരത്തിലേക്കുള്ള ഇന്ദിരാഗാന്ധിയുടെ തിരിച്ചുവരവ്. ഇപ്പോൾ രാജീവ് ഗാന്ധി കോൺഗ്രസ് സംഘടന പടുത്തുകെട്ടുന്നതിൽ വ്യാപൃതനാണെന്നു പറഞ്ഞുകേൾക്കുന്നു.

അതേതായാലും, ഇന്ദിരാഗാന്ധിയുടെ വ്യക്തിപരമായ പ്രശസ്തി പരിവേഷം ഉപയോഗപ്പെടുത്തിയും, ആഭ്യന്തരവും ബാഹ്യവുമായുള്ള വിപത്തുകളിൽനിന്നു രാജ്യത്തിൻെറ ഐക്യവും അഖണ്ഡതയും സംരക്ഷിക്കാൻ ഇന്ദിരാഗാന്ധി അധികാരത്തിൽ തുടരണമെന്ന പൊതു മുദ്രാവാക്യത്തിൻെറ അടിസ്ഥാനത്തിലും, അടുത്ത പൊതു തെരഞ്ഞെടുപ്പിൽ ഭൂരിഭാഗം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും അധികാരം നിലനിർത്തുക കോൺഗ്രസ്സിനു സാദ്ധ്യമായേക്കുകയില്ല. ജയിക്കുന്നത് പല കക്ഷികളുടെ മുന്നണികളോ ഏതെങ്കിലുമൊരു ഒററക്കക്ഷിയോ ആയാലും, സുശക്തങ്ങളായ പാർട്ടി സംഘടനകളുടെ പിൻബലമില്ലാതെ ജനാധിപത്യരീതിയിലുള്ള ഭരണം ഇന്ത്യയിൽ തുടർന്നു നടത്തുക അസാദ്ധ്യമായിരിക്കുകയും ചെയ്യും. ബോംബെ എ. ഐ. സി. സി. യുടെ ജയമോ, പരാജയമോ കണക്കാക്കേണ്ടതു് ഉറച്ച ഒരു ജനകീയസംഘടന, ഗ്രാമതലത്തിൽനിന്നു മേല്പോട്ടു കെട്ടിയുയർത്തുന്നതിൽ കോൺഗ്രസ്സുകാർക്കു കൈവരാനിരിക്കുന്ന ജയത്തെയോ, പരാജയത്തെയോ അടിസ്ഥാനമാക്കി വേണ്ടിയിരിക്കുന്നു. ഏതായാലും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ഇന്നു നിലവിലുള്ള നേതൃത്വകേന്ദ്രീകരണം, ഇന്ത്യയിൽ ജനാധിപത്യവഴക്കങ്ങളുടെ വളർച്ചയെ ഒരു വിധത്തിലും സഹായിക്കുകയില്ല.

(23 ഒക്ടോബർ, 1983)

## 41. കൽക്കത്തയിലെ കോൺഗ്രസ് സമ്മേളനം

ഒക്ടോബർ മൂന്നാം വാരത്തിൽ ബോംബെയിൽ ചേർന്ന എ. ഐ. സി. സി. സമ്മേളനത്തിനുശേഷം, ഡിസംബർ അവസാനവാരം കല്ക്കത്തയിൽവെച്ചു കോൺഗ്രസ്സിൻെറ സമ്പൂർണസമ്മേളനം നടന്നു.

സാധാരണനിലയിൽ പ്രസിഡണ്ട് അടക്കം സംഘടനയുടെ ഭാരവാഹികളെയും സമ്മേളനത്തിൽ പങ്കെടുക്കേണ്ട പ്രതിനിധികളെയും ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുത്തതിനു ശേഷമാണ് എ. ഐ. സി. സി. സമ്മേളനവും കോൺഗ്രസ്സിൻെറ സമ്പൂർണസമ്മേളനവും ചേരാറുള്ളതു്. എന്നാൽ, ഇന്ദിരാകോൺഗ്രസ്സിനു് ഇനിയും ഒരു സംഘടന ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പ്രാദേശിക ഘടകങ്ങൾ പേരിനു് ഉണ്ടെങ്കിലും, അവ സൂക്ഷിക്കുന്ന മെംബർപട്ടികകൾ ഏറെക്കുറെ വ്യാജമോ, മെംബർമാരാവാൻ ഒരു തരത്തിലും അർഹതയില്ലാത്തവരുടെ പേരുകൾ ഉൾക്കൊള്ളുന്നതോ ആണ് എന്നു പറയപ്പെടുന്നു. ഇത്തരം മെംബർപട്ടികകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ അധികാരദുർമോഹികളുടെ കലഹങ്ങൾക്കും സംഘടനയുടെതന്നെ തകർ